## പെൺപുലരി

‘ഒരു കാലഘട്ടത്തിൽ ഞാൻ അനുഭവിച്ച വേദനകൾ അനുഭവിക്കുന്ന ധാരാളം പേരുണ്ട്. അവർക്ക് കരുത്തുനൽകണം, സേവനങ്ങൾ നൽകണം. ഇതാണ് എൻെറ സ്വപ്നം



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്., മനസ്സിൻെറ കരുത്ത് തെളിയിച്ച സ്ത്രീകളെ കുറിച്ച് എഴുതുന്നു

# ടൂവീലർ പട്ടാളം

‘ഡിഗ്രി കഴിഞ്ഞപ്പോൾ എന്റെ വിവാഹം കഴിഞ്ഞു. വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നെങ്കിലും വളരെ വലിയൊരു തളർച്ചയിലേക്കാണ് ജീവിതം വഴിമാറിയത്. ആദ്യ ആഴ്ച സ്ട്രോക്ക് വന്ന് എന്റെ ഭർത്താവിന്റെ ഒരു വശം തളർന്നു. രണ്ടുവർഷം അദ്ദേഹത്തെ സ്വന്തം കുട്ടിയെപ്പോലെ നോക്കി.’ ജീവിതത്തിലെ തീക്ഷ്ണമായ അനുഭവങ്ങളായിരുന്നു തന്റെ കരുത്തെന്ന് ബിന്ദു വിൽസൻ.

‘ഭർത്താവിന്റെ മരണശേഷം കൂടുതൽ പ്രതിസന്ധിയിലേക്ക് കാര്യങ്ങൾ നീങ്ങി. സ്വന്തം വീട്ടിലേക്ക് പോകേണ്ടിവന്നു. പിന്നീട് എന്റെ പ്രകാശവും എന്റെ ശക്തിയും കുടുംബശ്രീയായിരുന്നു.’ കുടുംബശ്രീയുടെ കരുത്തിൽ സാമൂഹികസേവനരംഗത്ത് മികച്ച സേവനങ്ങൾ ഒരുക്കുകയാണ് തൃശ്ശൂർ ജില്ലയിലെ അന്നമനട പഞ്ചായത്തിൽനിന്നുള്ള ബിന്ദു വിൽസൻ.

‘അടച്ചുപൂട്ടി വീട്ടിലിരിക്കേണ്ട ആളല്ല ഞാൻ എന്ന തോന്നൽ എനിക്ക് നൽകിയത് കുടുംബശ്രീയാണ്. ഒരു കാലഘട്ടത്തിൽ ഞാൻ അനുഭവിച്ച വേദനകൾ അനുഭവിക്കുന്ന ധാരാളം പേരുണ്ട്. അവർക്ക് കരുതലാകണം. അവർക്ക് കരുത്തുനൽകണം, അവർക്കായി സേവനങ്ങൾ നൽകണം. ഇതാണ് എന്റെ സ്വപ്നം.’ ദൃഢനിശ്ചയമാണ് ബിന്ദു വിൽസനെ വ്യത്യസ്തയാക്കുന്നത്.

അന്നമനടയിൽ ആദ്യം തുടങ്ങിയ സാമൂഹിക സംരംഭം Two wheeler Army ആയിരുന്നു. ഒറ്റയ്ക്ക് കഴിയുന്നവർക്ക് ഗുളികവാങ്ങാൻ പോകാൻ, ആശുപത്രിയിൽപോകാൻ അങ്ങനെ പല സേവനങ്ങൾ നൽകാൻ സ്കൂട്ടറിൽ പോകുന്ന സ്ത്രീകളുടെ കൂട്ടായ്മയാണിത്.

Blood buds ആണ് അടുത്ത സംരംഭം. 2000ത്തിലധികം വനിതാ അംഗങ്ങളുടെ രക്തദാനസേനയാണ് ഇത്. ‘സ്ത്രീകൾ രക്തദാനം ചെയ്യണമെന്ന സന്ദേശം ജനങ്ങളിലെത്തിക്കാനുംകൂടിയാണ് ഇത്’ ബിന്ദുപറയുന്നു.

ഇന്ന്, സ്ത്രീശാക്തീകരണസന്ദേശങ്ങൾപകരാനുള്ള ലോഗ്രൂപ്പിനുംതുടക്കമിട്ടു കഴിഞ്ഞു. ‘രംഗശ്രീ’ എന്നാണ് ടീമിന്റെ പേര്. കുടുംബങ്ങൾക്ക് കരുത്തുള്ള സന്ദേശങ്ങൾ പകരാൻ ഈ ടീമിന് സാധിക്കുന്നു. ഇത്തരം സാമൂഹിക സംരംഭങ്ങൾക്ക് നേതൃത്വം നൽകുമ്പോഴും ബിന്ദുവിന്റെ ഉപജീവനമാർഗം സ്ത്രീകൾ ചേർന്നുള്ള പപ്പടനിർമാണ യൂണിറ്റും ഇപ്പോൾ അന്നമനട ബസ്സ്റ്റാൻഡിൽ തുടങ്ങിയ വനിതാ കാന്റീനുമാണ്.



ഫോട്ടോ: ശിവൻ എം. ആർ

ബിന്ദു വിൽസൺ

21 വർഷമായി തന്നെ വളർത്തിവലുതാക്കിയ കുടുംബശ്രീയിലൂടെ സമൂഹത്തിന് തന്റെ സേവനം തിരിച്ചുനൽകുകയാണ് ബിന്ദു വിൽസൻ.